ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/147996/19/എച്ച്.എസ്.ഇ തീയതി. 29/04/2018

## സർക്കുലർ

വിഷയം - ഹ.സെ.വി.- ബി.പി.എൽ സ്കോളർഷിപ്പ് 2018-19 -ട്രഷറി ക്യൂവിലായ ബില്ലുകൾ റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ - സംബന്ധിച്ച്.

സൂചന - ധനകാര്യ (രഹസ്യ) വകുപ്പിൽ നിന്നുള്ള 10/04/2019 തീയതിയിലെ 31/2019 നമ്പർ സർക്കുലർ.

സാമ്പത്തിക അവസാനത്തിനു മുമ്പായി ട്രഷറികളിൽ സമർപ്പിക്കുകയും ട്രഷറികളിൽ ക്യൂ എന്ന് രേഖപ്പെടുത്തി തിരിച്ചു നൽകപ്പെടുകയും ചെയ്ത 2018-19 സാമ്പത്തിക വർഷത്തെ ബി.പി.എൽ.സ്കോളർഷിപ്പ് സംബന്ധിച്ച ബില്ലുകൾ റീവാലിഡേറ്റ് ചെയ്യുന്നതിനായി താഴെപ്പറയുന്ന രേഖകൾ പ്രിൻസിപ്പാളിന്റെ കവറിങ് ലെറ്റർ സഹിതം ഡയറക്ടർ, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, ഹൗസിങ് ബോർഡ് ബിൽഡിങ്സ്, ശാന്തിനഗർ, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ **04/05/2019 തീയതി വൈകുന്നേരം 5 മണിക്കകം** നേരിട്ടോ തപാൽ മുഖാന്തിരമോ ലഭ്യമാക്കേണ്ടതാണ്.

**സമർപ്പിക്കേണ്ട രേഖകൾ**

1) പ്രിൻസിപ്പാളിന്റെ കവറിങ് ലെറ്റർ
2) ട്രഷറി ക്യൂവിലുള്ള ബില്ലിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
3) ക്യൂവിലുള്ള ബില്ലിന്റെ എൻട്രി വരുത്തിയ ബിൽബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്
4) BIMS -നിന്നും ലഭിച്ച Pre-authorization Slip-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**04/05/2019 തീയതി വൈകുന്നേരം 5 മണിക്കകം ലഭിക്കുന്ന അപേക്ഷകൾ മാത്രമേ റീവാലിഡേഷനായി പരിഗണിക്കുകയുള്ളൂ. ബി.പി.എൽ.സ്കോളർഷിപ്പ് സംബന്ധിച്ച് ഇ-മെയിലായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.**

ഒപ്പ്
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**